PTGD/25037/2021-E8

I/37235/2023

<u>ഭരണഭാഷ-മാതൃഭാഷ</u>

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ഷിബു. എ.റ്റി)

തിരുവനന്തപുരം

നമ്പർ. PTGD/25037/2021-ഇ 8 തീയതി. 18. 04. 2023

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച 14.03.2023 ലെ വിജ്ഞാപനം
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 30.10.2022 ലെ PTGD/25037/2021-ഇ 8 നമ്പർ ഉത്തരവ്.
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 20.03.2023 ലെ PTGD/25037/2021-ഇ 8 നമ്പർ കത്ത്.
3. സ്റ്റോർസ് പർച്ചേസ്(സി) വകുപ്പിന്റെ 17.04.2023 ലെ സ. ഉ (സാധാ) നം. 40/2023/എസ്.പി.ഡി നമ്പർ ഉത്തരവ്.

### <u>ഉത്തരവ്</u>

അച്ചടി വകുപ്പിലെ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. കെ.എൽ. അശോക് കുമാർ 04.04.2022 മുതൽ LPR ൽ പ്രവേശിച്ചതിനാൽ അച്ചടി വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് 2022 വർഷത്തേക്കുള്ള നിയമനത്തിന് യോഗ്യതയുള്ളതും വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കിയതും സർക്കാർ അംഗീകരിച്ചതുമായ ഉദ്യോഗസ്ഥരുടെ പട്ടിക 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ 28(ബി) (1) 8 (എ) പ്രകാരം കേരള ഗസറ്റിൽ പരാമർശം (1) പ്രകാരം വിജ്ഞാപനം ചെയ്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ശിപാർശ നൽകുകകയും പരാമർശം (4) പ്രകാരം പാലക്കാട് ജില്ലാ ഫോംസ് ഓഫീസർ ശ്രീ. പി. വിജയകുമാറിന് എറണാകുളം ഗവൺമെന്റ് പ്രസ്സിൽ നിലവിലുള്ള ഒഴിവിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

PTGD/25037/2021-E8

I/37235/2023

ഈ സാഹചര്യത്തിൽ പാലക്കാട് ജില്ലാ ഫോംസ് ഓഫീസർ ശ്രീ. പി. വിജയകുമാറിനെ എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചു കൊണ്ടും പാലക്കാട് ജില്ലാ ഫോംസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. എസ്. മുരളീധരന് നൽകി കൊണ്ടും ഉത്തരവാകുന്നു.

പാലക്കാട് ജില്ലാ ഫോംസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല ശ്രീ. പി. വിജയകുമാറിൽ നിന്നും ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. എസ്. മുരളീധരൻ ഉടൻ പ്രാബല്യത്തിൽ ഏറ്റെടുക്കേണ്ടതാണ്.

എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന എറണാകുളം ജില്ലാ ഫോംസ് ഓഫീസർ ശ്രീ. വി. ആർ. പ്രശാന്ത് കുമാറിൽ നിന്നും ശ്രീ. പി. വിജയകുമാർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ചുമതല ഉടൻ പ്രാബല്യത്തിൽ ഏറ്റെടുക്കേണ്ടതാണ്.

ഒപ്പ്/-

അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്.

അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, സ്റ്റോർസ് പർച്ചേസ്(സി) വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, ഷൊർണ്ണൂർ,

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, എറണാകുളം.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/ കൺട്രോളർ ഓഫ് ഫോംസ്/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ ഫിനാൻസ് ഓഫീസർ/സീനിയർ സൂപ്രണ്ട്/ജില്ലാ ഫോംസ് ഓഫീസർ,ജില്ലാ ഫോറം സ്റ്റോർ, പാലക്കാട്, ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ. പ്രസ്സ്, എറണാകുളം/ ഷൊർണ്ണൂർ/ ജൂനിയർ സൂപ്രണ്ട് ഇ II/ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്